

ടിനി ഫിലിപ്പ്

# ഇനി ബൂസ്റ്റർ ഡോസിന്റെ സമയം; എന്തായിരിക്കണം തന്ത്രം?

**യുഎസ്, യുകെ, ഇസ്രായേൽ എന്നീ രാജ്യങ്ങളിലെ സ്ഥിതി സസൂക്ഷ്മം നിരീക്ഷിച്ച് വേണം നാം ബൂസ്റ്റർ ഡോസ് എങ്ങനെ നൽകണമെന്ന് തീരുമാനിക്കാൻ**

**കോ**വിഡ് 19 മഹാമാരി രണ്ട് സാഹചര്യങ്ങളിൽ മാത്രമേ ഇല്ലാതാക്കാനാവൂ എന്ന് മുമ്പ് ഒരു ലേഖനത്തിൽ ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു. 1) ലോകം മുഴുവൻ വാക്സിനേറ്റ് ചെയ്യുക. 2) ചുരുങ്ങിയ സമയത്തിനുള്ളിൽ ലോകമെമ്പാടുമുള്ളവർക്ക് ഏറ്റവും പുതിയ വാക്സിൻ ബൂസ്റ്റർ ഡോസുകൾ നൽകാൻ കഴിയുന്ന വിധം വാക്സിൻ ഉൽപ്പാദനം എത്തുക.

കോവിഡ് 19 നിയന്ത്രിക്കുന്നതിനുള്ള മൂന്നാമത് ബൂസ്റ്റർ ഡോസിന്റെ പ്രാധാന്യത്തെ കുറിച്ചാണ് ഈ ലേഖനത്തിൽ പറയാനാഗ്രഹിക്കുന്നത്.

ഫിഗർ ഒന്നിൽ കാണുന്നതു പോലെ, ദശലക്ഷത്തിൽ ശരാശരി പുതിയ കേസുകളുടെ എണ്ണത്തിൽ യുഎസ്എ, യുകെ, ഇസ്രായേൽ എന്നീ വികസിത രാജ്യങ്ങളാണ് മുന്നിൽ.

**Figure 1:** Average New Cases Per Million




ഇതിനുള്ള കാരണം, ലോകത്ത് ആദ്യമായി ജനസംഖ്യയിൽ ഭൂരിഭാഗം പേർക്കും കുത്തിവെപ്പ് നടത്തിയത് ഈ മൂന്നു രാജ്യങ്ങളാണ് എന്നതാണ്. അതുകൊണ്ടു തന്നെ വാക്സിന്റെ പ്രഭാവം കുറയുന്നത് ആദ്യം അനുഭവപ്പെടുന്നതും ഈ രാജ്യങ്ങളിൽ തന്നെയാകും.

ഫിഗർ രണ്ടിൽ കാണുന്നതു പോലെ ആറു മാസം മുമ്പ് ഇസ്രായേലിലെ ജനസംഖ്യയുടെ 50 ശതമാനം പേരും ആറു മാസം മുമ്പ് രണ്ട് ഡോസ് വാക്സിനും എടുത്തിരുന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ യുകെയും യുഎസും അതേ നിലയിലാവും.

**Figure 2:** Share of Population Fully Vaccinated (Two Doses)




ഇതിനർത്ഥം രണ്ടു ഡോസ് വാക്സിൻ വാഗ്ദാനം ചെയ്യുന്ന സംരക്ഷണം ഈ മൂന്നു രാജ്യങ്ങളിലെ ഭൂരിഭാഗം വരുന്ന ജനങ്ങളിലും ക്ഷയിച്ചു തുടങ്ങിയെന്നാണ്.

ഈ പ്രശ്നം പരിഹരിക്കാനുള്ള ഒരു വഴി ജനങ്ങൾക്ക് വാക്സിന്റെ മൂന്നാം ബൂസ്റ്റർ ഡോസ് നൽകുകയെന്നതാണ്.

എന്നിരുന്നാലും, മൂന്ന് രാജ്യങ്ങളും മൂന്നാം ഡോസ് നൽകുന്നതിൽ വ്യത്യസ്തങ്ങളായ തന്ത്രങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്.

- 12 വയസിന് മേൽ പ്രായമുള്ള എല്ലാവർക്കും ഇസ്രയോലിൽ മൂന്നാം ബൂസ്റ്റർ ഡോസ് നൽകുന്നു
- യുകെയിൽ അത് 50 വയസ് പൂർത്തിയാക്കിയവർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു. ആരോഗ്യ സ്ഥിതി മോശമായവർക്കും ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പ്രായം പരിഗണിക്കാതെ തന്നെ മൂന്നാം ബൂസ്റ്റർ ഡോസ് നൽകുന്നു.
- യുഎസിൽ 65 നോ അതിനു മുകളിലോ പ്രായമുള്ളവർക്കായി കർശനമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അതല്ലെങ്കിൽ കടുത്ത കോവിഡ് പിടിപെട്ടവരോ അത്തരം സാഹചര്യങ്ങളിൽ ജോലി ചെയ്യുന്നവരോ ആയിരിക്കണം.

അടുത്ത രണ്ടു മാസം കൊണ്ട് ഏത് തന്ത്രമാണ് കൂടുതൽ ഫലപ്രദമാകുന്നതെന്ന് ദശലക്ഷത്തിലെ ശരാശരി പുതിയ കോവിഡ് കേസുകൾ പരിശോധിക്കുന്നതിലൂടെ നമുക്കറിയാനാവുമെന്ന് വിശ്വസിക്കുന്നു.

നിലവിൽ ഫിഗർ മൂന്നിൽ കാണിച്ചിരിക്കുന്നതു പോലെ മൂന്നു രാജ്യങ്ങളും പുതിയ കേസുകളുടെ കാര്യത്തിൽ സമാന സ്ഥിതിയിലാണ്.

ഈ മൂന്ന് രാജ്യങ്ങളിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത് എന്താണെന്ന് ഇന്ത്യ സസൂക്ഷ്മം നിരീക്ഷിക്കേണ്ടതുണ്ട്. അതിനനുസരിച്ച് നമ്മുടെ വാക്സിനേഷൻ തന്ത്രങ്ങളിൽ മാറ്റം വരുത്താനാകും.

ഓർക്കേണ്ടത്, പ്രായപൂർത്തിയായ ആളുകളിൽ 24.61 ശതമാനം പേർക്കാണ് ഇന്ത്യയിൽ പൂർണ വാക്സിനേഷൻ നൽകിയിരിക്കുന്നത്. 68 ശതമാനം പേർക്ക് ഒന്നാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. ■

**Figure 3:** Daily New Confirmed Covid-19 cases per million




*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) നിന്ന് PGDM എടുത്തതിനു ശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.wedeliver-results.com*

പ്രമുഖരുടെ ഉള്ളിലിരുപ്പ് എന്താണ്?






To buy online visit subscribe.dhanamonline.com

BUSINESS MAGAZINE
Dhanam Publications Pvt. Ltd.
Ph: 0484 – 2315840, 2316494
Email: subscription@dhanam.in
Mobile: 9072570051

Bank Transfer (within India)
A/c. Name: DHANAM PUBLICATIONS PVT. LTD.
A/c. No.: 002433000000015
Bank: Indian Overseas Bank. Branch: Ernakulam
IFSC: IOBA0000024